ഉത്തരം

പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമല്ല. തൊഴിലില്ലായ്മാ വേതനത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും അനന്തര നടപടികൾ കൈക്കൊള്ളുന്നതും വില്ലേജ് അടിസ്ഥാനത്തിലാണ്.

തോട്ടം തൊഴിലാളികൾക്ക് ലഭിക്കുന്ന ഡി. എ.

794. [985] ശ്രീ. കെ. കെ. തോമസ് :

,, എ. സി. ജോസ് :

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :

,, കെ. രാഘവൻ മാസ്റ്റർ :

,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികൾക്ക് ലഭിച്ചു വരുന്ന ഡി. എ. ഈ വ്യവസായ തൊഴിലാളികൾക്ക് ലഭിക്കുന്നതിനെക്കാൾ കുറവാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ ഡി. എ. ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തോട്ടം തൊഴിലാളികൾക്ക് സർക്കാർ കുറഞ്ഞ കൂലി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നിജപ്പെടുത്തിയിട്ടില്ല. അതിനാൽ ഈ രണ്ടുകൂട്ടരുടേയും ക്ഷാമബത്ത ഏകീകരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളി യൂണിയനുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

795. [986] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

,, എ. വി. അബ്ദുറഹിമാൻ ഹാജി :

,, സി. ടി. അഹമ്മദ് അലി :

,, കെ. പി. എ. മജീദ് :

,, പി. എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിൽ ഇപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളി യൂണിയനുകൾ എത്ര ഉണ്ട് ;

(ബി) അവയുടെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളി യൂണിയനുകൾ എത്ര ;

(ഡി) അവയുടെ ജില്ല തിരിച്ചുള്ള കണക്കെത്ര ?

ഉത്തരം

(എ) 30-9-1986 വരെ 9156 തൊഴിലാളിയൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	1434
കൊല്ലം	1525

LIBRARY ARCHIVES Kerala Legislative Assembly